THE TIMES OF INDIA
സമയം
6 September 2021

# വേറിട്ടൊരു ബിസിനസ് ; കടൽ പായലിൽ നിന്ന് 75 കോടി രൂപ വരുമാനം



സിഎംഎഫ്ആർഐയുടെ സാങ്കേതിക സഹായം ഉപയോഗിച്ച് വൻതോതിലുള്ള കടൽ പായൽ കൃഷിക്ക് തുടക്കമിട്ട് ലക്ഷദ്വീപ്. കടൽ പായലിൽ നിന്ന് എങ്ങനെ വരുമാനം ഉണ്ടാക്കും? കടലിൽ വളരുന്ന പായൽ ശ്രദ്ധിച്ചിട്ടുണ്ടോ ഏറെ ഔഷധഗുണങ്ങൾ ഉള്ള കടൽ പായലിന് വലിയ വാണിജ്യ സാധ്യതയുമുണ്ട്. സൗന്ദര്യവർദ്ധക ഉത്പന്നങ്ങൾക്കും, ഔഷധങ്ങൾക്കുമൊക്കെയായി വലിയ തോതിൽ ഇവ ഉപയോഗിക്കുന്നുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ കടൽ പായൽ കൃഷി ആരംഭിച്ചിരിക്കുകയാണ് ലക്ഷദ്വീപ്. സിഎംഎഫ്ആർഐയുടെ സാങ്കേതിക സഹായത്തിൽ ഒൻപത് ദ്വീപുകളിലായാണ് വൻതോതിലുള്ള കടൽപായൽ കൃഷിക്ക് തുടക്കമിട്ടിരിക്കുന്നത്. കടൽ പായലിൽ നിന്ന് എങ്ങനെ വരുമാനം നേടും

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം ദ്വീപിൽ നടത്തിയ പരീക്ഷണാടിസ്ഥാനത്തിലുള്ള കടൽപായൽ കൃഷി വൻ വിജയമായതിനെ തുടർന്നാണ് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ആരംഭിക്കുന്നത്. ജനവാസമുള്ള ഒമ്പത് ദ്വീപുകളിൽ ആണ് വ്യാപകമായ കൃഷി വിവിധ ദ്വീപുകളിലായി 2500 ഓളം മുളകൊണ്ട് നിർമിച്ച ചങ്ങാടങ്ങൾ ഉപയോഗിച്ച് ആണ് ഈ പായൽകൃഷി ആരംഭിച്ചു. ലക്ഷദ്വീപിലെ തദ്ദേശീയ ഇനമായ എഡുലിസ് എന്ന കടൽപായലാണ് കൃഷി ചെയ്യുന്നത്.

സ്ത്രീകളുടെ നേതൃത്വത്തിലുള്ള 10 സ്വയം-സഹായക സംഘങ്ങളുൾപ്പെടെ ദ്വീപിലെ 100 കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ കൃഷിയുടെ ഗുണം ലഭിക്കും. ഏകദേശം മുപ്പതിനായിരം ടൺ ഉണങ്ങിയ പായൽ ഓരോ വർഷവും വിളവെടുക്കാം. ഒരു ഹെക്ടറിൽ നിന്നും 150 ടൺ വരെ ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. വാർഷികാടിസ്ഥാനത്തിൽ 75 കോടി രൂപ വരെ വരുമാനം നേടാം എന്നാണ് കണക്കാക്കുന്നത്.

സാമ്പത്തിക നേട്ടത്തിന് പുറമെ, കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കാനും കടൽപായൽ കൃഷി അനുയോജ്യമാണ്. വൻതോതിൽ കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്ത് പിടിച്ചുവെക്കാൻ കടൽപായലുകൾക്ക് ശേഷിയുണ്ട്. സിഎംഎഫ്ആർഐ നിർദേശിച്ച അളവിൽ കൃഷി ചെയ്യുന്നതിലൂടെ മാത്രം പ്രതിദിനം 6500 ടൺ കാർബൺ ഡയോക്സൈഡ് ഇത്തരത്തിൽ പായലുകൾക്ക് സംഭരിച്ചുവെക്കാനാകും എന്നാണ് കണക്കാക്കുന്നത്.സിഎംഎഫ്ആർഐ, ലക്ഷദ്വീപിലെ ഫിഷറീസ്, വനം-പരിസ്ഥിതി, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ സംയുക്ത പങ്കാളിത്തത്തോടെയാണ് പദ്ധതി.



വിവിധ ദ്വീപുകളിലെ 21,290 ഹെക്ടർ വിസ്തൃതിയിലുള്ള തീരക്കടലിൽ ഒരു ശതമാനം മാത്രം എടുത്താണ് കൃഷി. മൊത്തം 200 ഹെക്ടർ ഉപയോഗിച്ചാണിത്. ഏകദേശം മുപ്പതിനായിരം ടൺ ഉണങ്ങിയ പായൽ ഓരോ വർഷവും വിളവെടുക്കാം. ഒരു ഹെക്ടറിൽ നിന്നും(2.4 ഏക്കർ) 150 ടൺ വരെ ഉൽപാദനം നേടാമെന്നാണ് കണക്കാക്കുന്നത്. കേരള തീര പ്രദേശത്തും പുഴയിലും കായലുകളിലും ഒക്കെ വ്യാപകമായി കടല് പായല് കൃഷി ചെയ്യാം. നിരവധി സാധ്യതകൾ ഈ രംഗത്തുണ്ട്. 45 ദിവസം മുതൽ 65 ദിവസം വരെയാണ് ഇവയുടെ വളർച്ച. വൻതോതിൽ കൃഷി ചെയ്യുന്നിടത്ത് നിന്ന് നേരിട്ട് വാങ്ങി ഉണക്കി ഉപോൽപ്പന്നങ്ങൾ നിർമിച്ചും ബിസിനസ് ചെയ്യാം. സിഎംഎഫ്ആർഐ സഹായം നൽകും